**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1309** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടാമ്പി മണ്ഡലത്തിലെ കായിക വകുപ്പ് പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഭരണാനുമതി ലഭിച്ച കായികവകുപ്പ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>മറുപടി:</u>** പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

| നം | പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | മുതുതല ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ മുതുതല ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ബഹു. എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 23.07.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം (GST ഉൾപ്പെടെ) രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. ഇ.കെ. അബ്ദുൾ സലാം എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട്, സ്റ്റെപ്പ് ഗ്യാലറി, ഫ്ലഡ് ലൈറ്റ് എന്നീ |

| | | | |
|---|---|---|---|
| | | | ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ട് നിർമ്മാണത്തിന് മുന്നോടിയായുള്ള ചുറ്റുമതിലിന്റെ നിർമ്മാണവും, ഗ്രൗണ്ടിൽ മണ്ണിട്ട് ഉയർത്തുന്ന പ്രവൃത്തിയും പഞ്ചായത്തിന്റെ ചുമതലയിൽ പൂർത്തീകരിച്ച് നൽകാമെന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ഗ്രൗണ്ടിന്റെ ഒരു വശത്ത് മണ്ണിട്ട് ഉയർത്തിയത് ഒഴിച്ച് മറ്റ് പ്രവൃത്തികളൊന്നും നാളിതുവരെ പഞ്ചായത്ത് പൂർത്തീകരിച്ചിട്ടില്ല. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ മാത്രമാണ് ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന്റെ ചുമതലയിലുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| **2** | കൊപ്പം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം ഗ്രാമപഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി ബഹു. എം.എൽ.എ-ടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 22.09.2025 തീയതിയിലെ കായിക വകുപ്പ് |

| | | | |
|---|---|---|---|
| | | | ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്ക് പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപ ഉൾപ്പെടെ 100.00 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. 93.89 ലക്ഷം (GST ഉൾപ്പെടെ) രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും 30.09.2025 തീയതിയിൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. താരിഖ് അൻവർ. ഇ, എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട്, ഫെൻസിംഗ്, റീട്ടൈനിംഗ് വാൾ, സ്റ്റെപ്പ് ഗ്യാലറി, ഫ്ലഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾക്ക് തടസ്സം നിൽക്കുന്ന മരങ്ങൾ പഞ്ചായത്ത് മുഖേന മുറിച്ച് നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ സൈറ്റ് സന്ദർശിക്കുകയും, പഞ്ചായത്ത് മുഖേന മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത ഗ്രൗണ്ടിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും, |

| | | | |
|---|---|---|---|
| | | | മണ്ണ് കട്ട് ചെയ്യുന്നതിന്റെ അളവുകൾ തിട്ടപ്പെടുത്തി ചീഫ് ടെക്ക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് നൽകുകയും, മണ്ണ് കട്ട് ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ച് വരുകയും ചെയ്യുന്നു. |
| **3** | വിളയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് വികസനം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 100.00 ലക്ഷം | 14.03.2025 തീയതിയിൽ ബഹു. എം.എൽ.എ. ജില്ലാ കളക്ടർക്ക് നൽകിയ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 50.00 ലക്ഷം രൂപ അനുവദിച്ചിരുന്നു.<br>എന്നാൽ ഗ്രൗണ്ട് നിർമ്മാണത്തിനായി വിളയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ 19.01.2026 തീയതിയിലെ പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്യുവാൻ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**